(സി) സുകൃതം പദ്ധതി നടപ്പാക്കുന്നതിലേക്കായി കേരള കാൻസർ കെയർ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ഇതിന്റെ ധനസമാഹരണത്തിനാം വിനിയോഗത്തിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ നോഡൽ ഓഫീസർമാരെ പ്രത്യേകം നിയമിക്കുകയും (പി.ആർ.ഒ.) ഇതിന്റെ മേൽനോട്ട ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് എല്ലാ സ്ഥാപനങ്ങൾക്കും കോർപ്പസ് ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നത്

27(725) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

റാന്നി താലൂക്കാശുപത്രി

28(726) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി. ടി .എച്ച് ക്യൂ.-വിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ; ഏതൊക്കെ തസ്തികകളിലാണ് ഇപ്പോൾ ആളില്ലാതെ ഉള്ളത്;

(ബി) വർക്കിംഗ് അറേഞ്ച്മെന്റിൽ ആരൊക്കെ ഏതൊക്കെ തസ്തികകളിൽ ഇവിടെ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ടി.എച്ച്.ക്യൂ. ആശുപത്രിയുടെ നിലവാരത്തിൽ പ്രവർത്തിക്കുന്ന ഒരാശുപത്രിയിൽ വേണ്ട തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ശബരിമലയുടെ താലൂക്കാശുപത്രിയായ റാന്നിയിൽ ഇനിയും ടി.എച്ച്.ക്യൂ. നിലവാരത്തിലുള്ള തസ്തികകൾ പൂർണ്ണമായി അനുവദിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗ തീരുമാനപ്രകാരം റാന്നി താലൂക്കാശുപത്രിക്കാവശ്യമായ പോസ്റ്റുകൾ അനുവദിക്കുന്നതുസംബന്ധിച്ച് സമർപ്പിച്ച ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളടങ്ങിയ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഫയൽ സമർപ്പിക്കുന്നതിന് കാലവിളംബം വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉദ്യോഗസ്ഥർ ഇതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്യുന്നു.

(ബി) വർക്കിംഗ് അറേഞ്ച്മെന്റിൽ ഇവിടെ ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഡോ. ശ്രീജിത്ത് (അസിസ്റ്റന്റ് സർജൻ)
2. ഡോ. ശ്രീനാഥ് എസ്. പിള്ള (അസിസ്റ്റന്റ് സർജൻ)
3. ഡോ. പ്രശാന്ത് (ജൂനിയർ കൺസൾട്ടന്റ്-ഗൈനക്കോളജി)

(സി) അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പിലെ (15906/എ1/2015)ഫയലിൽ പരിശോധിച്ചുവരികയാണ്.

(ഇ) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ആരോഗ്യ വകുപ്പിലെ ഫയൽ 15906/എ1/2015 18-11-2015-ൽ ധനവകുപ്പിന് നൽകിയിരുന്നെങ്കിലും 9-2-2016-ലാണ് തിരികെ ലഭിച്ചിട്ടുള്ളത്. ഇതിൽ നടപടി സ്വീകരിച്ചുവരികയാണ്. ആരോഗ്യ വകുപ്പിൽനിന്നും ഫയൽ സമർപ്പിക്കുന്നതിൽ കാലവിളംബം ഉണ്ടായിട്ടില്ല.

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതികൾ

29(727) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന വിഷയത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) പദ്ധതിയിൽ ഉൾപ്പെടുത്തി പുളിക്കീഴ് മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

* ഈ ഫ്രെയിമിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly